**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 383** **23-08-2022 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2021-22 ബജറ്റ് എസ്റ്റിമേറ്റ് - അനുബന്ധം II മരാമത്ത് പണികളിൽ 20% തുക വകയിരുത്തിയിട്ടുള്ള ഒറ്റപ്പാലം സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും മാറ്റി കായിക വകുപ്പിന് നൽകുന്നതുമായി ബന്ധപ്പെട്ട ഫയൽ (അനൗദ്യോഗിക കുറിപ്പ്) എന്നാണ് ധനകാര്യ വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിന് ലഭിച്ചത്; | (എ) | ധനകാര്യ വകുപ്പിന്റെ അനൗദ്യോഗിക കുറിപ്പ് 24.12.2021-ലാണ് തദ്ദേശ സ്വയം ഭരണ വകുപ്പിന് ലഭിച്ചത്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട ഫയൽ നമ്പർ ഏതാണ്; ഇപ്പോൾ അത് ഏത് ഘട്ടത്തിലാണ് ഉള്ളത്; | (ബി) | ഇപിഎ3/91/2022/തസ്വഭവ. നം. ഫയലിൽ വിഷയം കൈകാര്യം ചെയ്യുന്നു. 2021-2022 സാമ്പത്തിക വർഷത്തെ 20% ബഡ്ജറ്റ് വിഹിതം നീക്കിവെച്ച ഒറ്റപ്പാലം സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിയുടെ നിർവ്വഹണം കായിക വകുപ്പിന് നല്കണമെന്ന ഒറ്റപ്പാലം എം.എൽ.എ യുടെ ആവശ്യത്തിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ആയത് ലഭ്യമായിട്ടില്ല. |
| (സി) | എന്തുകൊണ്ടാണ് ഇത്തരത്തിലുള്ള ഫയലുകളിൽ തീരുമാനം ഇത്രയും വൈകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | 2021-22 ബഡ്ജറ്റ് എസ്റ്റിമേറ്റ് - അനുബന്ധം II മരാമത്ത് പണികളിൽ 20% തുക വകയിരുത്തിയിട്ടുള്ള ഒറ്റപ്പാലം സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല തദ്ദേശസ്വയംഭരണ വകുപ്പിനാണ് നല്കിയിട്ടുള്ളത്. നിർവ്വഹണ ചുമതല കായിക വകുപ്പിന് നൽകുന്ന വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടോ പ്രൊപ്പോസലോ ലഭ്യമാകാത്ത സാഹചര്യത്തിലാണ് തീരുമാനം വൈകുന്നത്. |

സെക്ഷൻ ഓഫീസർ